കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ. 14373/ഉപസി 3/2011/ഉ.ഭ.പ.വ. തിരുവനന്തപുരം, 2011 സെപ്റ്റംബർ 16

വിഷയം - ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന - 1) 18-6-2011-ലെ ഈ വകുപ്പിന്റെ 9222/ഉപസി3/2011/ഉഭപവ. നം. സർക്കുലർ.
2) 25-8-2011-ലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ എ5(2) 4182/02/ഗവി.നം. കത്ത്.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണത്തെ തുടർന്ന് നടപ്പു സാമ്പത്തിക വർഷം 31-3-2012-ൽ ജീവനക്കാർ വിരമിക്കുന്നതിന് അനുസൃതമായി എൻട്രി കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പടെയുള്ള എല്ലാ പ്രതീക്ഷിത ഒഴിവുകളും കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് സൂചന (1)-ലെ സർക്കുലർ പ്രകാരം എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനെ യഥാസമയം അറിയിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ യഥാസമയം പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ ഇനിയും പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾ അവ എത്രയും വേഗം കമ്മീഷന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുന്നു.

A Pccf(A)

28/9/2011

ടി. ജെ മാത്യു
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും
അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

T.M. Manoharan
PCCF

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

26/09 2011 18:03 #1614 P.001